പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## തൊഴിലുറപ്പ് വേതന കുടിശ്ശിക

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1306

14.06.2013 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| ശ്രീ.എം. ചന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽചെയ്തവർക്ക് 2013 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വേതനം കുടിശ്ശികയായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വേതന കുടിശ്ശികയ്ക്ക് പലിശ നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | 2012-13 വർഷത്തിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം എത്ര തൊഴിലാളികൾക്കാണ് തൊഴിൽ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്; | (സി) | ഒരു കുടുംബത്തിന് ആവശ്യാധിഷ്ഠിതമായി പരമാവധി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1693287 കുടുംബങ്ങൾക്കായി 836.41 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതായത് ഒരു കുടുംബത്തിന് ശരാശരി 49.46 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | പാലക്കാട് ജില്ലയിൽ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ കൊടുത്തിട്ടുള്ളത്; ശരാശരി തൊഴിൽ ദിനങ്ങൾ എത്രയെന്നു വ്യക്തമാക്കുമോ; | (ഡി) | 2012-2013 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 145243 കുടുംബങ്ങളിലെ 156280 തൊഴിലാളികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. 145243 കുടുംബങ്ങളിലെ 156280 തൊഴിലാളികൾക്കായി 6963895 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അതായത് ഒരു കുടുംബത്തിന് ശരാശരി 49.68 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ